LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) പുതിയ ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സർക്കാർ പ്രോസിക്യൂട്ടറുടെ മാറ്റം**

60 (1872) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കൊലപാതക കേസ്സുകളിൽ സർക്കാർ പ്രോസിക്യൂട്ടറെ മാറ്റി നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രോസിക്യൂട്ടറെ മാറ്റി നിയമിച്ച എത്ര കേസ്സുകളിൽ സർക്കാരിനെതിരായ വിധി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേസ്സിന്റെ നടപടിക്രമങ്ങൾ പൂർത്തിയാകും മുൻപ് പ്രോസിക്യൂട്ടറെ മാറ്റുന്നത് പല കേസ്സുകളിലും പ്രതികൂല വിധി ഉണ്ടാകുന്നതിന് ഇടയാക്കുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഒരു കൊലപാതക കേസ്സിൽ സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടറെ മാറ്റി നിയമിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ മാറ്റി നിയമിച്ച കേസ്സിൽ അന്തിമ വിധി ആയിട്ടില്ല.

(സി) മേൽ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

**കാലഹരണപ്പെട്ട നിയമങ്ങൾ**

61(1873) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നിയമങ്ങൾ പ്രകാരം, കുറ്റകൃത്യങ്ങൾക്ക് നൽകുന്ന ശിക്ഷയും പിഴയും കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ കാലാനുസൃതമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) സംസ്ഥാനത്തിന് ബാധകമായിട്ടുള്ള നിലവിലുള്ള നിയമങ്ങളിൽ കേന്ദ്ര നിയമങ്ങളും സംസ്ഥാന നിയമങ്ങളും ഉൾപ്പെടുന്നതാണ്. പ്രസ്തുത നിയമങ്ങളിൽ, ഓരോ കുറ്റകൃത്യത്തിന്റെയും ഗൗരവ സ്വഭാവം കണക്കിലെടുത്തുകൊണ്ടുള്ള ശിക്ഷയാണ് നിശ്ചയിച്ചിട്ടുള്ളത്. ഓരോ നിയമത്തിൻ കീഴിൽ വരുന്ന കുറ്റകൃത്യങ്ങൾക്ക് നൽകുന്ന ശിക്ഷയും പിഴയും കുറവാണോ എന്നകാര്യം കേന്ദ്ര നിയമങ്ങളുടെ കാര്യത്തിൽ ലോ കമ്മീഷൻ അതത് കാലങ്ങളിൽ പരിശോധിക്കുന്നതും വേണ്ട ഭേദഗതികൾക്കുള്ള ശിപാർശകൾ നൽകുകയും ചെയ്യാറുണ്ട്. സംസ്ഥാന നിയമങ്ങളുടെ കാര്യത്തിൽ തടവ് ശിക്ഷയോ, പിഴശിക്ഷയോ വർദ്ധിപ്പിക്കേണ്ട സാഹചര്യം ഉണ്ടാകുന്നപക്ഷം സർക്കാർ തലത്തിൽ പരിശോധിച്ചശേഷം ഭേദഗതികൾ നടത്തുന്നതിനുള്ള നടപടികൾ നിയമനിർമ്മാണ സഭ സ്വീകരിക്കുന്നതാണ്.

**ഹാബിറ്റാറ്റ് പദ്ധതി**

62 (1874) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ഹാബിറ്റാറ്റ്" പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി മുൻ രാഷ്ട്രപതി ഡോ. അബ്ദുൾ കലാം ഔപചാരികമായി തറക്കല്ലിട്ട, കവടിയാർ പാലസിൽ നിന്ന് പേരൂർക്കടയിലേക്ക് പോകുന്ന പ്രധാന പാതയുടെ വലതുവശത്തായുള്ള സർക്കാരിന്റെ മൂന്നര ഏക്കർ സ്ഥലം ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവലിൻെറ ഓഫീസായി ഉപയോഗപ്പെടുത്തുന്നതിനുള്ള ശ്രമം നടക്കുന്നുണ്ടോ; വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥലത്ത് ശ്രീഅയ്യങ്കാളിയുടെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം കവടിയാറിൽ ഹാബിറ്റാറ്റ് പദ്ധതിക്ക് നിശ്ചയിച്ചിരുന്ന സ്ഥലം ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി നിർമ്മിക്കുന്നതിന് പരിഗണിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം ആയിട്ടില്ല.